പൊതു വിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രധമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം) (221)

BS
16/1/17

സർ,

വിഷയം: പൊതു വിദ്യാഭ്യാസം - തസ്തിക നിർണയം - കുട്ടികളുടെ യു.ഐ.ഡി വിവരങ്ങൾ എന്റർ ചെയ്ത് പൂർത്തിയാക്കുന്നത് സംബന്ധിച്ച്

സൂചന : ഈ ഓഫീസിൽ നിന്നുള്ള 4/6/2015, 25/6/2016 28-9-2015 എന്നീ തീയതികളിലെ ഇതേ നമ്പർ കത്ത്.

---

16/1/17

സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികളുടെയും യു.ഐ.ഡി/ഇ.ഐ.ഡി ഐ.ടി @ സ്കൂൾ വെബ്സൈറ്റിൽ എന്റർ ചെയ്യണമെന്ന് സൂചനയിലെ കത്തുകൾ പ്രകാരം നിരവധി അറിയിപ്പുകൾ നൽകിയിരുന്നതാണ്. എന്നാൽ ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഇപ്പോഴും യു.ഐ.ഡി/ഇ.ഐ.ഡി ഇല്ലാത്ത അവസ്ഥയാണ്. പ്രഥമാദ്ധ്യാപകരുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയായി മാത്രമേ ഇതിനെ കണക്കാക്കാൻ കഴിയൂ. ബഹു: ഹൈക്കോടതിപോലും ഈ വിഷയത്തിൽ ഇടപെട്ട് നിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ആയതിനാൽ 31-1-2017 വൈകിട്ട് 5 മണിക്ക് മുമ്പ് മുഴുവൻ വിദ്യാർത്ഥികളുടെയും യു.ഐ.ഡി/ഇ.ഐ.ഡി നമ്പരുകൾ www.itschool.gov.in എന്ന വെബ്സൈറ്റിലെ Sixth Working Day 2016 എന്ന ലിങ്കിൽ സമ്പൂർണയുടെ യൂസർ നെയിം, പാസ്സ് വേർഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് എന്റർ ചെയ്യേണ്ടതാണ്. ഇതിനകം എന്റർ ചെയ്തിട്ടുള്ള വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്. നിലവിൽ ഇ.ഐ.ഡി എന്റർ ചെയ്തിട്ടുള്ളവരുടെ യു.ഐ.ഡി വരുത്തിയിട്ടുണ്ടെങ്കിൽ അവ നിർബന്ധമായും എന്റർ ചെയ്യേണ്ടതാണ്

16/1/17

ബഹു: ഹൈകോടതി നിർദേശം പാലിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇതിന് അടിയന്തര പ്രാധാന്യം നൽകണമെന്നും വീഴ്ചകൾ ഉണ്ടായാൽ ഉത്തരവാദികളായവരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടിവരും എന്നുമറിയിക്കുന്നു. ഈ കത്ത് എല്ലാ പ്രധമാദ്ധ്യാപകർക്കും ഇന്നു തന്നെ എത്തിക്കാനും മുഴുവൻ വിദ്യാർത്ഥികളുടെയും യു.ഐ.ഡി/ഇ.ഐ.ഡി എടുപ്പിക്കാനും അവ നിർദിഷ്ട സമയ പരിധിക്കുള്ളിൽ തന്നെ സൈറ്റിൽ എന്റർ ചെയ്യിക്കാനും എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രഥമാദ്ധ്യാപകരും വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

കെ.വി. മോഹൻകുമാർ ഐ.എ.എസ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ.

പുറത്തെഴുത്ത് നം-F/104/2017

27-1-2017ന് മുൻപായി എല്ലാവിദ്യാലയങ്ങളും UID/EID പൂർത്തികരിച്ചതിന്റെ Completion certificate ഈ സ്ഥാപനത്തിൽ നിർബന്ധമായും എത്തിക്കേണ്ടതാണ്

Senior Superintendent
Assistant Educational Office